# മോശ

## (നോവൽ–5)

## ജോൺ ഇളമത

എതിരേൽപ്പും വിരുന്നുംകഴിഞ്ഞ് ഞാൻ അമ്മയുടെ കൂടെ കൊട്ടാരത്തിലേക്ക് പുറപ്പെട്ടു.

ഞാൻ ദേശാടനത്തിലായിട്ട് വളരെയേറെ വർഷങ്ങളായി. എന്നെ വിട്ടുപിരിഞ്ഞിരുന്ന അമ്മ കാണാതെപോയ മകനെ കണ്ടുകിട്ടിയ സന്തോഷത്തോടെയാണ് എതിരേറ്റത്!

എന്തൊക്കെയോ കദനഭാരം അമ്മലെ വിഴുങ്ങുന്നുണ്ടെന്ന് എനിക്കു തോന്നി. ഒരുപക്ഷേ റാംസ്സിസ് എന്നെ ചതിപ്രയോഗിച്ച് വകവരുത്തി അടുത്ത ഫറവോന്റെ സിംഹാസനം പിടിച്ചെടുക്കുമോ എന്ന് ഓർത്തിട്ടാകാം.

അതൊന്നും നടപ്പുള്ള കാര്യമല്ല. അവന്റെ ദാസന്മാരെ എനിക്കറിയാം. ഗവർണറായ ബാക്കറും അവന്റെ ദാസനായ ദത്തനും! ദത്തൻ അടിമ വർഗ്ഗത്തിനൊരപമാനമാണ്. ബാക്കറുടെ കാലുതിരുമ്മുന്ന കുറുക്കനായ അടിമ!



ഫറവോ സേത്തിക്കു എന്നിലുള്ള വിശ്വാസവും വിശ്വസ്തതയും അവർക്കറിയാം. നെഫർടാറി എപ്പോഴും എന്റെ പിന്നാലെതന്നെയാണ്. ഒന്നോർത്താൽ സേത്തിക്ക് ഏറ്റവും അടുത്ത രക്തബന്ധമുള്ള മകനും ഞാൻ തന്നെ! ഫറവോന്റെ പുത്രിയുടെയും പിന്തുണയുള്ള എന്നെ അവർക്ക് ഒരിക്കലും എതിരിടാൻ കഴിയില്ല.

കൂടാതെ വർഷങ്ങളോളം ഞാൻ പലരാജ്യങ്ങളിലും നടത്തിയ പഠനവും ഗവേഷവും എല്ലാംതന്നെ വിജ്ഞാനത്തിന്റെ ഉറവിടമാക്കിയിട്ടുണ്ട്. തച്ചുശാസ്ത്രത്തിലും നഗരനിർമ്മാണത്തിലും ഞാൻ അഗാധപാണ്ഡിത്യം നേടിയുണ്ട്. തടിയിലും കല്ലിലും മണ്ണിലും അനശ്വരങ്ങളായ ശില്പങ്ങൾ തീർക്കാൻ എനിക്കു കഴിയുമെന്നുറപ്പാണ്. കണക്കുകൾകൂട്ടി

നഗരങ്ങളും സൗധങ്ങളും നിർമ്മിക്കാൻ ഈജിപ്റ്റിൽ മറ്റാർക്കു കഴിയും?

ഞാൻ അമ്മയുടെകൂടെ താമസിക്കവേ മെമ്മേറ്റിന്റെ അപരിചിതങ്ങളായ പെരുമാറ്റങ്ങളെയും സംസാര രീതികളെയും ശ്രദ്ധിച്ചു. കുട്ടിക്കാലങ്ങളിൽ ഞാനവ അത്ര കാര്യമാക്കിയിരുന്നില്ല. എന്നോട് എപ്പോഴും അവൾക്കൊരതൃപ്തിപോലെ തോന്നി. പലപ്പോഴും ഞാൻ വായ്തുറക്കാനാരംഭിച്ചിട്ടുണ്ട്. അപ്പോഴൊക്കെ എനിക്കുതോന്നും, കേവലം ഒരു ദാസിയെപ്പറ്റിയുള്ള ആരോപണം തന്നെ ബാലിശമല്ലേ എന്ന്. എങ്കിലും ഞാൻ ഒരിക്കൽ അമ്മയോടതു സൂചിപ്പിച്ചു:

‘‘അമ്മ അമ്മയുടെ ദാസിയെ നിലയ്ക്കുനിർത്തണം.’’

എന്തോ ഓർത്തിട്ടെന്നപോലെ അമ്മ പറഞ്ഞു:

‘‘അവളുടെ പ്രകൃതം അതാണ്. നീ ശ്രദ്ധിക്കേണ്ട. വേണമെങ്കിൽ എനിക്കവളെ പിരിച്ചുവിടാം.!’’

അമ്മ ഒന്നു നിർത്തി.

‘‘അല്ലെങ്കിൽ അതുവേണ്ട, പരമ്പരാഗതമായി ദാസ്യവേല ഏറ്റെടുത്ത ഒരു ദാസിയെ പിരിച്ചുവിടുന്നത് പാപമല്ലേ! വേണ്ടപ്പോൾ വേണ്ടത്ര ശിക്ഷകൾ ഞാൻ കൊടുക്കുന്നുണ്ട്.’’

ഞാൻ ഓർത്തു, ഒരു ദാസിയെപ്പോലെ ഞാനെന്തിന് വ്യാകുലപ്പെടുന്നു? അല്ലെങ്കിൽ തന്നെ ഈ കൊട്ടാരത്തിൽ ഞാൻ അമ്മയോടൊപ്പം താമസിക്കുന്നില്ലല്ലോ!

കുറേ ദിവസങ്ങൾക്കു ശേഷം ഞാൻ വീണ്ടും ഫറവോന്റെ കൊട്ടാരത്തിൽ എത്തി. ഏതോ അത്യാവശ്യം പറഞ്ഞേൽപ്പിക്കാൻ അദ്ദേഹം എന്നെ ആളയച്ചുവരുത്തിയതാണ്.

സേത്തി എന്റെ മുഖത്ത് ഗൗരവമായി നോക്കി. തുടർന്ന് പുഞ്ചിരിച്ച് ശാന്തനായി മൊഴിഞ്ഞു:

‘‘നീ എനിക്കുവേണ്ടി ഉടനെ ഒരു നഗരം പണിയണം. എന്റെ ജൂബിലി ആഘോഷങ്ങൾ അടുത്തുവരുന്നു.’’

‘‘തീർച്ചയായും പ്രഭോ!’’

‘‘ഈജിപ്റ്റിൽ ഇന്നുവരെയുള്ള നഗരങ്ങളെക്കാൾ മുൻനിരയിൽ നിൽക്കണം; കെട്ടിലും മട്ടിലും പുതുമയിലും.’’

റാംസ്സിസ് എന്നെ അസൂയയോടെ തുറിച്ചുനോക്കി. അവന് ഒന്നും ഇഷ്ടപ്പെടുന്നില്ല.

നെഫർടാറി എന്നെ പ്രോത്സാഹിപ്പിക്കാൻ പറഞ്ഞു:

‘‘മോശ പണിയിക്കുന്ന സേത്തിയുടെ നഗരം അനശ്വരമായിരിക്കട്ടെ. ഈജിപ്റ്റിനെ ഭരിക്കാൻ പോകുന്ന അടുത്ത ഫറവോയുടെ ചാതുര്യത്തിന്റെ ഒരു വിളംബരമായിരിക്കട്ടെ അത്.’’

റാംസ്സിസ് അവളെ തുറിച്ചുനോക്കിയിട്ട് അസൂയയോടും കോപത്തോടും കൂടി എങ്ങോ മറഞ്ഞു.’’

പിന്നീട് ഞാൻ നഗരം പണിയാൻ പുറപ്പെട്ടു. ഈജിപ്റ്റിൽ അന്നെങ്ങുമില്ലാതിരുന്ന നഗരനിർമ്മാണത്തിന്റെയും തച്ചുശാസ്ത്രത്തിന്റെയും പ്രാഗല്ഭ്യം എനിക്കു തെളിയിക്കണം.

വർഷങ്ങൾ നടത്തിയ പഠനയാത്രയിലെ ഉൾക്കരുത്ത് എന്റെ ഭാവനയിൽ ചാലിച്ച് പുതിയ രൂപങ്ങളും ഭാവങ്ങളും കൊടുത്തു.

വലിയ ഇരുമ്പുകപ്പികളും കയറുകളുമുപയോഗിച്ച് വലിയ സ്തംഭങ്ങളെയും പ്രതിമകളെയും ചെറിയ മനുഷ്യപ്രയത്നത്തിൽ ഉയർത്താനുള്ള തന്ത്രങ്ങളായിരുന്നു മനസ്സിൽ. ഈജിപ്റ്റിലെന്നല്ല, ലോകമാകമാനം തന്നെ അറിയപ്പെടാത്ത് അദ്ഭുതവിദ്യകൾ!

മലനിരത്തി വിസ്തൃതമായ ഭൂമി ഉണ്ടാക്കി. അവിടെ നിർമ്മാണം ആരംഭിച്ചു. അയ്യായിരം അടിമകളാണ് അതിനുവേണ്ടി നിയോഗിക്കപ്പെട്ടത്. നിർമ്മാണത്തിനിടയിൽ അടിമകൾ ചത്തൊടുങ്ങുന്നത് എന്നെ നടുക്കി. കഴിവതും അടികളുടെ ജീവൻ രക്ഷിക്കുന്നതിൽ ഞാൻ ജഗരൂകനായിരുന്നു.

നിർമ്മാണത്തിന്റെ മുഖ്യ ഉത്തരവാദിത്തം ഗവർണറായ ബാക്കർ പ്രഭുവിനെതന്നെ ഞാൻ ഏല്പിച്ചു. പണിയിപ്പിക്കാൻ അയാളെക്കാൾ വിരുതനായ മറ്റൊരുവനില്ല.

എനിക്കൊരു കാര്യം നിർബന്ധമുണ്ട്. അടിമകൾ വിയർത്തുപണിയട്ടെ. എന്നാൽ യാതൊരു കാരണവശാലും അവരുടെ രക്തം ചൊരിയാൻ പാടില്ല.

ബാക്കർ ഫറവോന്റെ ക്രൂരനായ പട്ടാളമേധാവികളിലൊരാളാണ്. അയാൾക്ക് ഇത്തരം ആജ്ഞകൾ കൊടുത്തില്ലെങ്കിൽ അടിമകളെ നിസ്സാര കാരണങ്ങളാൾക്ക് നിർദ്ദയം കൊന്നൊടുക്കും.

റാംസ്സീസ് എപ്പോഴും എനിക്കെതിരായി അവനെ കരുവായി ഉപയോഗിക്കാൻ സാധ്യതയുണ്ടെന്നെനിക്കറിയാമായിരുന്നു. അത് ശ്രദ്ധിക്കാനും നിരീക്ഷിക്കാനും എനിക്ക് അനുചരന്മാരും ദാസന്മാരും അവിടെതന്നെ ഉണ്ടായിരുന്നു.

നഗരനിർമ്മാണം ഒരു സ്വപ്നംപോലെ എന്റെ കൺമുമ്പിൽ വിടർന്നു വിരിഞ്ഞു. എന്റെ സ്വപ്നങ്ങളുടെ സാക്ഷാത്കാരം! മരുഭൂമിയുടെ ഹൃദയത്തെപിളർന്ന് മഹാസൗധങ്ങളുടെ കൂമ്പുകൾ വിടർന്നു.

അങ്ങനെ ഇരിക്കവേ പെട്ടെന്ന് അടിമയായ ഒരു സുന്ദരി ഓടിവന്ന് എന്റെ കാൽക്കൽ വീണു. അവൾ ഭീതിയോടെ എന്തൊക്കെയോ പുലമ്പിക്കൊണ്ടിരുന്നു.

ഞാനവളെ പിടിച്ചുയർത്തി.

''നിന്റെ പേരെന്തൊണ്?''

''ലിലിയോൻ''

''നിനക്കെന്തുവേണം?''

അവൾ കരച്ചിലക്കി ഭീതിയോടെ പറഞ്ഞു:

''പ്രഭോ, കരുണയുണ്ടാകണം, ഒരു വൃദ്ധയായ അടിമ, പാറയുടെ അടിയിൽ ചതഞ്ഞരഞ്ഞ് മരിക്കാൻ പോകുന്നു.''

''എവിടെ?''

എന്റെ ശബ്ദം കോപത്താൽ ജ്വലിച്ചു.

''ദാ, അവിടെ''.

ഞാൻ അവളെയും കൂട്ടി ധൃതഗതിയിൽ അങ്ങോട്ടേക്കു പാഞ്ഞു.

അടിമകളും ഈജിപ്റ്റുകാരായ മേലാൾ പണിക്കാരും വഴിമാറി ഓച്ഛാനിച്ചുനിന്നു.

അവരോക്കെ അടക്കം പറയുന്നതു കേട്ടു:

''മോശ രാജകുമാരൻ''.

ഞാൻ വൃദ്ധയായ അടിമയെക്കണ്ടു. അവളുടെ അരയിലെ ചരട് പാറയ്ക്കടിയിലെവിടെയോ കുരുങ്ങിയിരിക്കുകയാണ്. കപ്പി ഉപയോഗിച്ച് ഉരുട്ടിമാറ്റിക്കൊണ്ടിരിക്കുന്ന വലിയ പാറയുടെ അടിയിലേക്ക് അവൾ നീങ്ങിക്കൊണ്ടിരുന്നു. നിമിഷങ്ങൾ മതി, ശരീരവും രക്തവും ചിതറി പാറയ്ക്കടിയിൽ അലിഞ്ഞുചേരാൻ!

ഞാൻ ഗർജ്ജിച്ചു:

''എന്തൊരു ക്രൂരത!''

ഒരു നിമിഷം അവിടമാകെ സ്തംഭിച്ചുനിന്നു.

കപ്പി ഉപയോഗിച്ച് പാറ ഉരുട്ടുന്നവർ ആ ശ്രമം നിർത്തിവച്ചു.

വൃദ്ധ പാറയുടെ അടിയിലേക്ക് പ്രവേശിക്കാറായവിധം വീണുകിടക്കുന്നു. അവൾ സർപ്പത്തിന്റെ വായിലേക്ക് അകപ്പെടാൻ തുടങ്ങുന്ന എലിയെപ്പോലെ വിറയ്ക്കുന്നുണ്ടായിരുന്നു.

ഒരിടമയുടെ ജീവിതം രക്ഷിച്ച ചാരിതാർത്ഥ്യത്തോടെ ഞാൻ മുന്നറിയിപ്പു കൊടുത്തു:

‘‘നിർദ്ദോഷികളായ അടിമകളുടെ രക്തം ചിന്താൻ ഉത്തരവാദികളായവർ ശിക്ഷിക്കപ്പെടും.’’

(തുടരും......)

********************     **********************************